**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **04-10-2021 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജനകീയ ആസൂത്രണത്തിലൂടെ രാജ്യത്തിനാകെ മാതൃകയായ കേരള മോഡൽ ത്രിതല പഞ്ചായത്ത് സംവിധാനം കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ കാലങ്ങളിലുണ്ടായ നേട്ട - കോട്ടങ്ങളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാരേഖ (Status Report) തയ്യാറാക്കുകയും ചെയ്യുന്നതാണ്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതുമായ ആസൂത്രണപ്രക്രിയയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്റ്റുകളുടെ ഗുണമേന്മയും സാങ്കേതിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. നിലവിൽ സംസ്ഥാനത്തെ 2 ഗ്രാമപഞ്ചായത്തുകളിലൊഴികെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ ഭൗതിക സാഹചര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കഴിഞ്ഞ കാലങ്ങളിലുണ്ടായ നേട്ട - കോട്ടങ്ങളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാരേഖ (Status Report) തയ്യാറാക്കുകയും ചെയ്യുന്നതാണ്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതുമായ ആസൂത്രണപ്രക്രിയയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ഗുണമേന്മയും സാങ്കേതിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. നിലവിൽ സംസ്ഥാനത്തെ 2 ഗ്രാമപഞ്ചായത്തുകളിലൊഴികെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ